# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 347

29-06-2016-ൽ മറുപടിക്ക്

### എമേർജിംഗ് കേരള

**ചോദ്യം**

ശ്രീ. പി.ടി.തോമസ്
ശ്രീ. എൽദോസ് കുന്നപ്പിള്ളി
ശ്രീ. കെ.എസ്.ശബരീനാഥൻ
ശ്രീ. സണ്ണി ജോസഫ്

(എ) സംസ്ഥാനത്ത് മുൻ ഗവൺമെന്റ് നടത്തിയ എമേർജിങ്ങ് കേരള നിക്ഷേപക സംഗമം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതിയാണ് തയ്യാറാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പ്മൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. ഇ.പി.ജയരാജൻ
(വ്യവസായവും സ്പോർട്സും
വകുപ്പ് മന്ത്രി)

(എ) (ബി) (സി) & (ഡി) സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും, സംസ്ഥാനത്തിലെ നിക്ഷേപ സാധ്യതകളെ ക്കുറിച്ച് ദേശീയ അന്തർദേശിയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ എമർജിങ്ങ് കേരള സംഗമം സർക്കാർ കെ.എസ്.ഐ.ഡി.സി മുഖേന നടത്തിയത്.

എമർജിങ്ങ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്.

എന്നാൽ 2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ വ്യവസായ വകുപ്പിന്റെ കീഴിൽ 14 പദ്ധതികളാണുള്ളത് കെ.എസ്.ഐ.ഡി.സിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലുള്ളതാണത്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ളത് 12 പദ്ധതികൾ .

എമർജിങ്ങ് കേരളയിൽ അവതരിപ്പിച്ചതും ഭാവിയിൽ ലഭ്യമാക്കുന്നതുമായ പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന്

ഉറപ്പുവരുത്തുന്നതിനും നയപരമായി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും, കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയ്ക്ക് തുടർന്നും അവതരിപ്പിക്കുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനായും ബന്ധപ്പെട്ട മന്ത്രിമാരും പ്രഗൽഭരായ വ്യവസായ സംരംഭകരും ഉൾപ്പെട്ട ഒരു ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

ഇതു കൂടാതെ, പ്രോജക്ടുകളെ കുറിച്ച് വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കികൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും, വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറായും, കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യു പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള ഇൻവെസ്റ്റ്മെന്റ് ക്ലീയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ടായിരുന്നു.

ഇതിനു പുറമേ എമർജിംഗ് കേരളയിൽ ലഭിച്ച ആശയങ്ങളേയും, പദ്ധതികളേയും കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതിനായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിലെ മുൻ സെക്രട്ടറിയായ ശ്രീ.മാധവൻ നമ്പ്യാർ ചെയർമാനായും ശ്രീ.ബാലഗോപാൽ, തെരുമൊ പെൻപോൾ, ശ്രീ.ജി. വിജയരാഘവൻ, പ്ലാനിങ്ങ് ബോർഡ്; വ്യവസായ വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി തുടങ്ങിയവർ അംഗങ്ങളായും, മാനേജിങ്ങ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി., മെമ്പർ സെക്രട്ടറി ആയിട്ടുള്ള ഇൻവെസ്റ്റ് പ്രമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ടായിരുന്നു.

സെക്ഷൻ ഓഫീസർ